പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 88

03/12/2014-ൽ മറുപടിയ്ക്കു്

**<u>ശബരിമല തീർത്ഥാടകർക്ക് ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) ശബരിമല തീർത്ഥാടകർക്ക് ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) 2014-15 മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർത്ഥാടകർക്കു വേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡും ശബരിമല മാസ്റ്റർ പ്ലാൻ ഹൈപ്പവർ കമ്മിറ്റിയും മറ്റിതര സർക്കാർ വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ഏകോപിപ്പിച്ചുകൊണ്ട് താഴെ പറയുന്ന ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1) മുൻവർഷങ്ങളിലേതുപോലെ തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങളും, ക്ഷേത്ര സമുച്ചയങ്ങളുടെയും മറ്റ് അനുബന്ധ കെട്ടിടങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾ.<br>2) ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ പിൽഗ്രിം സെൻററുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ.<br>3) താമസ സൗകര്യത്തിനായി മുറികൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ ബുക്കിംഗ് സൗകര്യം.<br>4) വൃദ്ധർക്കും കുട്ടികൾക്കും അംഗവൈകല്യം സംഭവിച്ചവർക്കും ആയാസരഹിതമായി ദർശനം നടത്തുന്നതിനുള്ള സംവിധാനം.<br>5) കുടിവെള്ള സംഭരണത്തിനായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ടാങ്കുകൾ.<br>6) പമ്പയിൽ പഴയ ടോയ്‌ലറ്റ് ബ്ലോക്കിന് പകരമായി പുനർനിർമ്മിച്ച രണ്ട് ടോയ്‌ലറ്റ് ബ്ലോക്കുകൾ (ഓരോ ബ്ലോക്കിലും 84 ടോയ്‌ലറ്റ്)<br>7) ശബരിമലയിൽ 120 ടോയ്‌ലറ്റുകൾ 34 കുളിമുറികൾ.<br>8) മലകയറി വരുന്ന തീർത്ഥാടകർക്കും ദർശനം കഴിഞ്ഞ് മല ഇറങ്ങുന്ന തീർത്ഥാടകർക്കും സൗകര്യപ്രദമായി ഉപയോഗിക്കാവുന്ന രീതിയിലുള്ള 48 ബയോ യൂറിനൽ യൂണിറ്റുകൾ.<br>9) പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻറോഡിലും ചന്ദ്രാനന്ദൻ റോഡിലും 10 യൂണിറ്റുകളുള്ള ബയോ ടോയ്‌ലറ്റുകൾ.<br>10) പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഔഷധ കുടിവെള്ള വിതരണ സംവിധാനം.<br>11) ശുദ്ധജല വിതരണത്തിനും ലഘുഭക്ഷണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ക്രമീകരണങ്ങൾ |

12) നിലയ്ക്കലിൽ രണ്ട് കുഴൽകിണറുകൾ
13) അന്നദാനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി. പ്രധാന വഴിപാട് ഇനങ്ങളായ അപ്പം അരവണ എന്നിവ ആവശ്യത്തിന് സ്റ്റോക്ക് ചെയ്തു.
14) പമ്പയിൽ നിലവിലുള്ള സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിൻെറ വിപുലീകരണം
15) പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഓക്സിജൻ പാർളറുകളും അതിനോടനുബന്ധിച്ചുള്ള ഹെൽത്ത് കിയോസ്കുകളും. ഓക്സിജൻ പാർലറുകളുടെ എണ്ണം വർദ്ധിപ്പിച്ചു.
16) അപ്പാച്ചിമേട്, നീലിമല എന്നിവിടങ്ങളിലെ കാർഡിയോളജി സെൻററുകളിൽ ഡോക്ടർമാരുടെ സേവനവും ആവശ്യമായ ഉപകരണങ്ങളും ഏർപ്പെടുത്തി.
17) പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ അത്യാധുനിക സൗകര്യ ങ്ങളോടുകൂടി ആംബുലൻസ് സർവ്വീസ്.
18) പമ്പ ശബരിമല റൂട്ടിലും പമ്പ മുതൽ പ്ലാപ്പള്ളി വരെയും നിലയ്ക്കലിലും കൂടാതെ മറ്റ് വാഹന പാർക്കിംഗ് സ്ഥലങ്ങളിലും ആവശ്യമായ വെളിച്ച സംവിധാനം.
19) നിലയ്ക്കലും പമ്പയിലും വാഹന പാർക്കിംഗിനായി വിപുലമായ ക്രമീകരണങ്ങൾ.
20) കാനനപാതയിൽ കൂടുതൽ ബാരിക്കേടുകൾ.
21) പമ്പാ നദിയിൽ അടിഞ്ഞുകൂടിയിട്ടുള്ള തുണി, എക്കൽ, തുടങ്ങിയ മാലിന്യങ്ങൾ നിക്കം ചെയ്യൽ.
22) കുളിക്കടവുകളിൽ 6 ഭാഷകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ.
23) സന്നിധാനത്ത് പുതിയ സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ്.
24) സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തി.
25) ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി പമ്പയിൽ പുതിയ ആശുപത്രി സമുച്ചയം.
26) പമ്പ മുതൽ മരക്കൂട്ടം വരെ നടപ്പന്തലുകൾ
27) ശബരിമലയുമായി ബന്ധപ്പെട്ട റോഡുകളെല്ലാം അറ്റകുറ്റ പ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കി.
28) എരുമേലിയിൽ നിന്നുള്ള യാത്രക്ലേശത്തിന് പരിഹാരമാകുന്ന കണമലപ്പാലം ഡിസംബറിൽ പൂർത്തിയാകും.

**ബി) ശബരിമല തീർത്ഥാടകർ അപകടത്തിൽപ്പെടുന്നത് ഒഴിവാക്കാൻ ആവശ്യമായ സൈൻ ബോർഡുകൾ സ്ഥാപിക്കുക, വാഹന പരിശോധന കർശനമാക്കുക, പോലീസിൻെറ സേവ**

ബി) അപകടങ്ങൾ ഒഴിവാക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ്, മോട്ടോർ വാഹന, പൊതുമരാമത്ത്, ജലസേചന വകുപ്പുകൾ ആവശ്യമായ സ്ഥലങ്ങളിൽ വിവിധ ഭാഷകളിൽ ഉൾപ്പെടെയുള്ള സൈൻ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെയും, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ സഹായത്തോടെ സേഫ് സോൺ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇതുമൂലം ഗതാഗതക്കുരുക്കില്ലാതെയുള്ള തീർത്ഥാടകരുടെ സുഗമമായ യാത്ര ഉറപ്പാക്കുന്നു.

നങ്ങൾ എന്നിവ യ്ക്കായി കൂടുതൽ നട പടികൾ സ്വീകരി ക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽ കുമോ;

അപകടസാദ്ധ്യത കൂടിയ ബ്ലാക്ക് സ്പോട്ടുകളിലും വളവുകളിലും കർശനമായ നിരീക്ഷണം ഏർപ്പെടുത്തുക, ദിശാ സൂചികൾ സ്ഥാപിക്കുക, വാഹന പരിശോധന കർശനമാക്കുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ട്രാഫിക് ക്രമീകരണങ്ങൾ നടത്തുന്നതിനും തീർത്ഥാടന പാതകളിൽ അപകടങ്ങൾ കുറക്കുന്നതിനുമായി കൂടുതൽ പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനത്തിൻെറ ഭാഗമായി നിലയ്ക്കൽ, പമ്പ, ശബരിമല എന്നിവിടങ്ങളിൽ ഭക്തജനങ്ങളുടെ സുരക്ഷിതത്ത്വത്തിനായി പോലീസ് സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സി) തീർത്ഥാടകർക്ക് ആരോഗ്യ സേവനങ്ങളും, ഇടത്താവളങ്ങളിൽ കൂടുതൽ സൗകര്യങ്ങളും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

സി) തീർത്ഥാടന കാലത്ത് ആരോഗ്യ സേവനങ്ങൾ നൽകുന്നതിലേക്കായി വിദഗ്ധ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ സേവനം ശബരിമലയിൽ സന്നിധാനം, ഗവൺമെൻറ് ഡിസ്പെൻസറി, കാർഡിയോളജി സെൻറർ, അപ്പാച്ചിമേട്, കാർഡിയോളജി സെൻറർ നീലിമല, ജി.ഡി.പമ്പ, പി.എച്ച്.സി. നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി പമ്പയിൽ ആശുപത്രി സമുച്ചയം പൂർത്തിയാക്കി. ഇവിടെ അലോപ്പതി, ആയുർവേദം, ഹോമിയോ ചികിത്സയ്ക്കുള്ള സൗകര്യമുണ്ട്. കൂടാതെ റാന്നി മുതൽ പമ്പ വരെയുള്ള സ്ഥലങ്ങളിൽ ആരോഗ്യ സേവനങ്ങൾ നൽകുന്നതിനു വേണ്ടി 4 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നു. വിദഗ്ധ ചികിത്സ ആവശ്യമായ രോഗികളായ തീർത്ഥാടകരെ പമ്പയിൽ നിന്നും പത്തനംതിട്ട ഗവൺമെൻറ് ഹോസ്പിറ്റലിലേക്കും, കോട്ടയം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലേക്കും എത്തിക്കുന്നതിനു വേണ്ടി സൗജന്യമായി ആംബുലൻസ് സർവ്വീസുകളും ലഭ്യമാക്കി യിട്ടുണ്ട്. ഇതിനു പുറമേ എരുമേലിയിൽ പ്രത്യേക ഡിസ്പെൻസറിയും ആംബുലൻസ് സർവ്വീസും, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മെഡിക്കൽ എയ്ഡ് പോസ്റ്റ് സംവിധാനവും ആംബുലൻസ് സേവനവും, കുമളി, വണ്ടിപ്പെരിയാർ, പീരുമേട്, പെരുവന്താനം എന്നീ സ്ഥലങ്ങളിൽ തീർത്ഥാടകർക്കായി പ്രത്യേക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ തീർത്ഥാടനകാലത്ത് പ്രത്യേകമായി 14 ആംബുലൻസുകളുടെ സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്.

ഇടത്താവളങ്ങളിൽ തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യം, ശുദ്ധജല വിതരണം, ടോയ്‌ലറ്റ് സൗകര്യം തുടങ്ങിയവ ഈ വർഷവും ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ